## മധുരമായ കുട്ടികളേ - ബാബ നിങ്ങളെ ജ്ഞാനയോഗത്തിലൂടെ അലങ്കരിക്കുവാൻ വന്നിരിക്കുകയാണ്. അലങ്കാരത്തെ നിലനിർത്തുന്നതിനു വേണ്ടി മായയോട് ഒരിക്കലും പരാജയപ്പെടരുത്.

**ചോദ്യം:-** നിശ്ചയ ബുദ്ധികളായ കുട്ടികളുടെ നിശ്ചയത്തെ തകർത്ത് സംശയബുദ്ധിയാക്കുന്നത് ഏതൊരു ചെറിയ കാര്യമാണ്?
**ഉത്തരം:-** നിശ്ചയ ബുദ്ധികളായ കുട്ടികൾ മുന്നോട്ട് പോകവെ ഏതെങ്കിലും ചെറിയ തെറ്റിധാരണയിൽ കുടുങ്ങുമ്പോൾ നിശ്ചയം ഇല്ലാതാകുന്നു. ശ്രീമത്തിൽ തെറ്റിധാരണ ഉണ്ടായാൽ മായ സംശയബുദ്ധിയാക്കും. സംശയബുദ്ധികൾക്ക് സേവനം ചെയ്യാൻ സാധിക്കില്ല മാത്രമല്ല അവർ വികാരങ്ങളെ ജയിക്കുവാനുള്ള പരിശ്രമവും ചെയ്യില്ല. ഇങ്ങനെയുള്ള ബലഹീനരായ കുട്ടികൾക്കും ദയാഹൃദയനായ ബാബ നിർദ്ദേശം നല്കുന്നു, കുട്ടികളേ - നിങ്ങളെ വികാരം ശല്യം ചെയ്യുന്നു, സേവനവും ചെയ്യുന്നില്ലായെങ്കിൽ ബാബയെ ഓർമ്മിക്കൂ.

**ഗീതം:-** അങ്ങ് തന്നെയാണ് മാതാവും, പിതാവും....

**ഓം ശാന്തി**. ഇത് ആരുടെ മഹിമയാണ് ? മാതാ-പിതാവിന്റെ മഹിമയാണ്. നിങ്ങൾ ആ മാതാ പിതാവിന്റെ കുട്ടികളാണ്. ആ മാതാ-പിതാവിനെയാണ് പരിധിയില്ലാത്ത രചയിതാവെന്ന് വിളിക്കുന്നത്. എത്ര ബ്രഹ്മാകുമാരൻമാരും കുമാരികളുമാണ്. ജംഗതംബ കൂടാതെ ജഗത്പിതാവുണ്ട്. ബ്രഹ്മാവിന്റെയും ചിത്രങ്ങളുണ്ട്. കേവലം ചിത്രങ്ങൾ ഭിന്നമാണ്. നിങ്ങൾക്കറിയാം വിശ്വത്തിന്റെ ആദിയിൽ അതായത് സത്യയുഗത്തിൽ അളവറ്റ സുഖമുണ്ടായിരുന്നു. ഇപ്പോൾ വീണ്ടും പരിധിയില്ലാത്ത അച്ഛനിൽനിന്ന് പരിധിയില്ലാത്ത സുഖത്തിന്റെ ആസ്തിയെടുക്കുന്നു. ഈ മഹിമ ലൗകീക മാതാ-പിതാവിന്റേതാകാൻ സാധ്യമല്ല. പരിധിയില്ലാത്ത പരമാത്മാവിനെയാണ് മാതാ-പിതാവെന്ന് വിളിക്കുന്നത് എന്നാൽ പരമാത്മാവ് നിരാകാരനാണ്. പുതിയ രചന, പുതിയ ധർമ്മത്തിന് വേണ്ടിയുള്ള പുതിയ ജ്ഞാനമാണിതെന്ന് വളരെ പ്രാവശ്യം മനസ്സിലാക്കിതന്നിട്ടുണ്ട്. ഇപ്പോൾ ദേവീ ദേവതാ ധർമ്മം ഇല്ല. ദേവീ ദേവതാ ധർമ്മമാണ് ഞങ്ങളുടേതെന്ന് ആരും പറയില്ല കാരണം ദേവതകൾ സമ്പൂർണ്ണ നിർവ്വികാരികളായിരുന്നു എന്നാൽ ഇപ്പോൾ സർവ്വരും വികാരികളാണ്. കൂടാതെ തീർച്ചയായും ധർമ്മത്തിന് പ്രായലോപവും സംഭവിക്കണം അപ്പോഴേ വീണ്ടും ആ ധർമ്മത്തിന്റെ സ്ഥാപനയ്ക്കായി ബാബയ്ക്ക് വരേണ്ടിവരൂ. ഇപ്പോൾ നിങ്ങൾ കുട്ടികൾ അച്ഛനേയും ആസ്തിയേയും ഓർമ്മിക്കണം. ആസ്തിക്കുവേണ്ടി മാതാവിന്റെ ഉദരത്തിൽ നിന്ന് ജന്മമെടുത്ത് ശേഷം പിതാവിനെ ഓർമ്മിക്കുന്നു. ജന്മമെടുത്തു, എന്നാൽ ആരിലൂടെയാണ്? അമ്മയിൽ നിന്നാണ് ജന്മമെടുത്തത്. ഇവിടെയും അങ്ങനെയാണ് അമ്മയിലൂടെ നിങ്ങൾ കുട്ടികളായി. അമ്മയിലൂടെ ശിവബാബയുടെ ആസ്തിയെടുക്കുന്നതിനായി ഓർമ്മിക്കുന്നു. എന്നാൽ ചിലർക്ക് നിശ്ചയമുണ്ട്, ചിലർക്കില്ല. സർവ്വർക്കും നിശ്ചയമുണ്ടെന്ന് പറയാൻ സാധിക്കില്ല. മായ ശ്വാസം മുട്ടിച്ചുകൊണ്ടിരിക്കുന്നു. എവിടെയെങ്കിലുമൊക്കെ കുടുങ്ങിപോകുന്നു. ശ്രീമതമനുസരിച്ച് നടക്കാത്തവർ തന്റെ തന്നെ തെറ്റിധാരണകളിൽ കുടുങ്ങുന്നു. നിശ്ചയമുണ്ടെങ്കിൽ പിന്നെ മറ്റ് സർവ്വകാര്യങ്ങളെയും ഉപേക്ഷിക്കുന്നു. ബാബ പറയുന്നത് കേൾക്കണം, കേൾപ്പിച്ചു കൊടുക്കണം. ഞങ്ങൾക്ക് സേവനം ചെയ്യാൻ സാധിക്കില്ല എന്ന് ചിലർ പറയുന്നു. പ്രജകളെ തയ്യാറാക്കുന്നില്ലായെങ്കിൽ രാജാവുമാകില്ല. ശരി, മറ്റൊന്നും ചെയ്യുന്നില്ലായെങ്കിൽ ശിവബാബയെ ഓർമ്മിക്കുക മാത്രം ചെയ്യൂ. സ്വർഗ്ഗത്തിൽ വരും. ശരി, വികാരങ്ങളെ ജയിക്കുവാനുള്ള പരിശ്രമം ചെയ്യാൻ സാധിക്കുന്നില്ലായെങ്കിലും ബാബയെ ഓർമ്മിച്ചാൽ സ്വർഗ്ഗത്തിൽ വരും, എന്നാൽ പദവി കുറഞ്ഞതേ ലഭിക്കൂ.

ഭക്തിയുടെ പാർട്ട് ഇപ്പോൾ ഇല്ലാതാകണം എന്ന് ബാബ മനസ്സിലാക്കി തരുന്നു. ഭക്തിയുടെ ഫലം നല്കാൻ ബാബ വന്നിരിക്കുന്നു. നിങ്ങളാണ് സംഖ്യാക്രമമനുസരിച്ച് ഭക്തി പൂർണ്ണമായും ചെയ്യുന്നത്. ശിവബാബയുടെ ഭക്തി ഏറ്റവും ആദ്യം ചെയ്യുന്നു, പിന്നെ ബ്രഹ്മാ, വിഷ്ണു ശങ്കരന്റെ ഭക്തി ചെയ്യുന്നു. ഇപ്പോൾ നോക്കൂ ഓരോരോ തെരുവുകളിലും എത്ര ക്ഷേത്രങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്, എത്ര സത്സംഗങ്ങളുണ്ട്. ഇവയെല്ലാം കൂടുതലുള്ളയിടത്ത് പിന്നെ ഇതൊന്നും തന്നെ ഉണ്ടാകില്ല. ഒരു ക്ഷേത്രം പോലും ഉണ്ടാവില്ല. ഇപ്പോൾ ഭക്തിയുടെ എത്ര സാമഗ്രികളാണ്. ദ്വാപര, കലിയുഗമാണ് ഭക്തീമാർഗ്ഗത്തിന്റെ യുഗം, തമോപ്രധാനമാകുന്ന യുഗം. ഇപ്പോൾ ബാബ ഈ സർവ്വ ചഞ്ചലതകളിൽ നിന്ന് മോചിപ്പിക്കുന്നു. പറയാറുണ്ട് മോശമായത് കേൾക്കരുത്, മോശമായത് കാണരുത്....ദേഹം സഹിതം ഇവ സർവ്വതിൽ നിന്ന് മമ

ത്വത്തെ ഇല്ലാതാക്കൂ എന്ന് ബാബ പറയുന്നു. ഇപ്പോൾ നിങ്ങൾക്ക് പുതിയ വീട്ടിലേക്ക് പോകണം. സ്ഥാപന ആയാൽ അപ്പോൾ പോകുമല്ലോ. ഇത് പഴയലോകമാണ്, ദുഃഖധാമമാണ്, ഇത് അന്തിമ ജന്മമാണ്. നിങ്ങൾ ഇപ്പോൾ ഈശ്വരന്റെ മടിയിലിരിക്കുന്നു. മാതാ-പിതാവിന്റെ മടിയിലാണ്. നിരാകാരനായ ബാബ ബ്രഹ്മാവിന്റെ മുഖത്തിലൂടെ നിങ്ങൾക്ക് ജന്മം നൽകിയെങ്കിൽ ഈ ബ്രഹ്മാവ് അമ്മയാണ്, എന്നാലും നിങ്ങളുടെ ബുദ്ധി ശിവബാബയിലേക്ക് പോകുന്നു. അങ്ങ് അമ്മയും അച്ഛനുമാണ്, ഞങ്ങൾ അങ്ങയുടെ കുട്ടികളാണ്.... ശിവബാബയിലേക്ക് സ്നേഹം പോകുന്നു. നിങ്ങൾ പ്രിയതമകളുമാണ്. നിങ്ങളെ അലങ്കരിച്ച് യോഗ്യതയുള്ളവരാക്കാൻ ശിവബാബ വന്നിരിക്കുന്നു. ജ്ഞാന യോഗത്തിലൂടെ നിങ്ങൾ കുട്ടികളെ അലങ്കരിക്കുന്നു. നിങ്ങൾ മാത്രമല്ല ഈ ശബ്ദം എല്ലാ സെന്ററുകളിലും കേൾക്കുന്നു. ആയിരക്കണക്കിന് പേർ കേൾക്കും. സർവ്വരേയും അലങ്കരിച്ചുകൊണ്ടിരിക്കുന്നു. എത്രത്തോളം അലങ്കാരം ചെയ്തുകൊണ്ടിരുന്നാലും പിന്നെ അഴുക്കാകുന്നു. ബാബ കഴുതയുടെ ഉദാഹരണം പറയാറില്ലേ. നിങ്ങൾ കുട്ടികൾ സർവ്വഗുണ സമ്പന്നം, 16 കലാ സമ്പൂർണ്ണം..... ആകണം. ഇടയ്ക്കിടയ്ക്ക് മായയോട് പരാജയപ്പെടരുത്. ബാബാ ഇന്ന് മായ പ്രഹരിച്ചു എന്ന് പറയുന്നു. ബാബ പറയുന്നു നിങ്ങൾ കുലത്തിന് കളങ്കം ചാർത്തുന്നവരാണ്. ബാബയെ നിന്ദിച്ചു കൂടാതെ കുട്ടികളേയും നിന്ദിക്കുന്നു. നിങ്ങൾ വീണ്ടും വീണു പോകും. ഈ കാമം മഹാശത്രുവിന്റെ മേൽ പൂർണ്ണമായും ജയിക്കണം. ബാബയോട് പ്രതിജ്ഞ എടുക്കണം. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ് എങ്കിൽ തീർച്ചയായും സ്വർഗ്ഗത്തിന്റെ അധികാരിയാക്കും. ഈ സഹജരാജയോഗം പഠിക്കുന്നവർ സ്വർഗ്ഗത്തിൽ വരും. എന്നാൽ എല്ലാവരും സ്വർഗ്ഗത്തിൽ വരുമെന്നല്ല. പുതിയ ലോകം ഗോഡ് ഫാദറാണ് രചിക്കുന്നത് എന്നറിയാം. പക്ഷെ ആരാണ് പുതിയ ലോകത്തിൽ രാജ്യം ഭരിക്കുന്നത് എന്ന രഹസ്യം ആരെങ്കിലും മനസ്സിലാക്കികൊടുത്താലേ അറിയുവാൻ സാധിക്കു. ഭാരതം പ്രാചീനമാണ് എന്നറിയാം എന്നാൽ യഥാർത്ഥ കാര്യങ്ങൾ ഭാരതവാസികൾക്ക് തന്നെ അറിയില്ലായെങ്കിൽ പിന്നെ മറ്റുള്ളവർക്ക് എന്ത് പറഞ്ഞ് കൊടുക്കും. മറ്റൊന്നിനും തന്നെ ഭാരതം പോലെ പവിത്ര ഖണ്ഡമാകാൻ സാധിക്കില്ല. മറ്റൊരു ഖണ്ഡവും ഭാരതംപോലെ സമ്പന്നമല്ല. ഇപ്പോൾ അമേരിക്കയ്ക്കും മറ്റും ധനം വളരെയുണ്ടാകാം എന്നാൽ ഭാരതവുമായി താരതമ്യം ചെയ്യുമ്പോൾ അത് കക്കയ്ക്ക് സമാനമാണ്. ഭാരതം സർവ്വധർമ്മത്തിലുള്ളവരുടേയും തീർത്ഥസ്ഥാനമാണ്. സർവ്വ ആത്മാക്കളുടെയും പിതാവ് നരകത്തെ സ്വർഗ്ഗമാക്കുവാൻ ഭാരതത്തിലാണ് വരുന്നത്. സർവ്വരേയും മുക്തമാക്കുന്നു. ബാബയ്ക്കാണ് മഹിമയുള്ളത്. പൂക്കളൊക്കെ ബാബയുടെമേലാണ് അർപ്പിക്കേണ്ടത്. എന്നാൽ ഗീതയിൽ പേര് മറച്ചുകളഞ്ഞു അതുകൊണ്ട് മഹത്വം കുറഞ്ഞുപോയി. ക്രിസ്ത്യാനികൾ, തലതിരിഞ്ഞ കാര്യങ്ങൾ പറയുന്നതു കേട്ടതുകൊണ്ട് പിന്നെ അവരും നിന്ദിക്കുന്ന കാര്യങ്ങൾ കേൾപ്പിച്ചു കൊടുത്ത് തങ്ങളുടെ ധർമ്മത്തിലേക്ക് വളരെയധികം പേരെ കൊണ്ടുപോയി. എത്രപേർ ക്രിസ്ത്യാനികളായിട്ടുണ്ടാകും. ഇത് കല്പ-കല്പങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കും. ധർമ്മ ഗ്ലാനി ഇങ്ങനെയുണ്ടാകുമ്പോൾ ഞാൻ വന്ന് ഭാരതത്തിനെ വജ്രം പോലെയാക്കുന്നു എന്ന് ബാബ പറയുന്നു. പരിധിയില്ലാത്ത അച്ഛനിൽനിന്ന് പരിധിയില്ലാത്ത സുഖം ലഭിക്കുന്നു. സ്വർഗ്ഗത്തിന്റെ സ്ഥാപന നടക്കുന്നു. അതാണ് ശിവബാബ. നിങ്ങൾ ശിവശക്തി ഭാരതമാതാക്കളാണ് കൂടാതെ നിങ്ങൾ ഗുപ്തമാണ്. മനുഷ്യർക്ക് നിങ്ങൾ ശിവശക്തി സേനയെക്കുറിച്ച് എന്തറിയാം. ഞങ്ങൾ ശിവശക്തി പാണ്ഡവ സേനയാണെന്ന് നിങ്ങൾക്ക് മാത്രമേ അറിയാവൂ. ഈ പുതിയ രാജധാനി സ്ഥാപിക്കപ്പെടുന്നു. ഇതാണ് പഴയ പതീത ലോകം. അതാണ് പാവനമായ പുതിയലോകം. ഈ പതീത ലോകത്തിൽ പാവനമായ ആരും ഉണ്ടാകില്ല. ശാസ്ത്രങ്ങളിൽ എന്തൊക്കെ കാര്യങ്ങളാണ് എഴുതിയിരിക്കുന്നത്. കേൾപ്പിക്കുന്നവരും വളരെ സമർത്ഥന്മാരാണ്. ശാസ്ത്രങ്ങളൊക്കെ കേട്ടാണ് വന്നത്. 7 ദിവസത്തെ പഠനവും ചെയ്താണ് വന്നത്, രുദ്ര യജ്ഞമൊക്കെ രചിച്ചാണ് വന്നത് എന്നിരുന്നാലും ലോകം തമോപ്രധാനമാകണം. എന്ത് തന്നെ ചെയ്താലും ഒരാൾക്ക്പോലും തിരിച്ച് പോകാൻ സാധിക്കില്ല. മനുഷ്യർക്ക് ജ്ഞാനമില്ലാത്തതു കാരണം ശാസ്ത്രങ്ങളിലൂടെയുള്ള കർണ്ണരസം വളരെ നല്ലതായി തോന്നുന്നു. നിങ്ങൾക്കിപ്പോൾ അത് നല്ലതായി തോന്നുന്നില്ല. അതുകൊണ്ടാണ് ബാബ പറയുന്നത് മോശമായത് കേൾക്കരുത്... എന്നെ ഓർമ്മിക്കുക മാത്രം ചെയ്യു. ശ്രീമതമനുസരിച്ച് നടക്കൂ എങ്കിൽ ശ്രേഷ്ഠരാകും. ആസുരീയ മതമനുസരിച്ച് നടന്നാൽ അസുരൻ തന്നെയാകും. അതാണ് രാവണന്റെ മതം. മനുഷ്യർ രാവണന്റെ മതത്തിലാണ് അതുകൊണ്ടാണ് രാവണനെ കത്തിച്ചുകൊണ്ടിരിക്കുന്നത്. ബാബ ഓരോ കാര്യവും നല്ല രീതിയിൽ ഇരുന്ന് മനസ്സിലാക്കിത്തരുന്നു. വിത്തിന്റെയും വൃക്ഷത്തിന്റെയും ജ്ഞാനമുണ്ട്. ഇതിനെ കല്പവൃക്ഷമെന്ന് പറയുന്നു. ഇതിന്റെ ആയുസ്സ് അയ്യായിരം വർഷമാണ്. സത്യയുഗം ലക്ഷക്കണക്കിന് വർഷമായിരുന്നു എങ്കിൽ ഹിന്ദുക്കൾ വളരെയധികം ഉണ്ടായിരുന്നേനെ.

വിനാശം സംഭവിക്കുക തന്നെചെയ്യും, പ്രകൃതിക്ഷോഭങ്ങളും വരും എന്ന് ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് നന്നായി അറിയാം. ഇതിനെ പിന്നെ അവർ ദൈവീകപ്രകൃതി ക്ഷോഭങ്ങൾ എന്ന് പറയുന്നു. എന്നാൽ പ്രകൃതിക്ഷോഭങ്ങൾ ദൈവം കൊണ്ടുവരില്ല. ഇത് ഡ്രാമായിൽ അടങ്ങിയിട്ടുള്ളതാണ്. വിനാശം ഉണ്ടായി

ല്ലെങ്കിൽ പുതിയ ലോകം എങ്ങനെ രചിക്കും. മഹാഭാരതയുദ്ധത്തിലൂടെ ഗേറ്റ് തുറക്കപ്പെടും. കുട്ടികൾക്ക് സാക്ഷാത്കാരം ലഭിച്ചിട്ടുണ്ട്. ലക്ഷ്യം വളരെ ഉയർന്നതാണ്. അതുകൊണ്ട് പലരും ധൈര്യപ്പെടുന്നില്ല. നോക്കൂ, മൃത്യു ലോകത്തിൽ ഇത് നിങ്ങളുടെ അന്തിമ ജന്മമാണെന്ന് ബാബ ഇന്നലെയും മനസ്സിലാക്കിത ന്നിരുന്നു. ഞാനിപ്പോൾ അമര ലോകത്തിന്റെ അധികാരിയാക്കാൻ വന്നിരിക്കുകയാണ്. ഈ അന്തിമ ജന്മം ബാബ പറയുന്നത് അംഗീകരിക്കൂ, പവിത്രതയുടെ പ്രതിജ്ഞ എടുക്കൂ. ലൗകീകത്തിലും അഥവാ അച്ഛൻ പറയുന്നത് അംഗീകരിക്കുന്നില്ലായെങ്കിൽ അച്ഛൻ പറയില്ലെ നീ കുപുത്രനാണെന്ന്. ബാബ സർവ്വശക്തിമാനാണ്. ബാബയുടെ ആജ്ഞയനുസരിച്ച് നടക്കുന്നതിലൂടെ സഹായം ലഭിക്കും. പക്ഷേ ശരി, ആലോചിക്കാം എന്ന് കുട്ടികൾ പറയുന്നു. നോക്കൂ നാളെ ശരീരം ഉപേക്ഷിച്ചു പോകേണ്ടിവന്നാൽ ആസ്തി ഒന്നും ലഭിക്കില്ല. 5 വികാരങ്ങളുടെ രോഗം വളരെ കടുത്തതാണ്. മായ സർവ്വരേയും രോഗികളാക്കിയിരിക്കുന്നു. ഇപ്പോൾ ബാബ പറയുന്നു – എന്റെ ശ്രീമതമനുസരിച്ച് നടക്കൂ. മായ വളരെ വികല്പങ്ങൾ ഉണ്ടാക്കും, വളരെയധികം കൊടുങ്കാറ്റുകൾ വരും. നിർധനരാക്കും. ബാബയുടേതായിട്ട് ഈ അവസ്ഥ ആയല്ലോ എന്താണിങ്ങനെ! എന്ന് പിന്നെ പറയും. നിങ്ങൾ ശിവബാബയ്ക്ക് സർവ്വതും നല്കി, നിങ്ങൾ ട്രസ്റ്റിയായി എന്ന് ബാബ പറയും. ബാബ നിങ്ങൾക്ക് മുഴുവൻ കണക്കും തരും. നിങ്ങൾ എന്തിനാണ് ചിന്തിക്കുന്നത്. ഭാരതത്തിന്റെ കപ്പൽ മുങ്ങിയിരിക്കുകയാണ്, ബാബ രക്ഷിക്കുവാൻ വന്നിരിക്കുകയാണെന്ന് നിങ്ങൾക്കിപ്പോൾ അറിയാം. ബാബയില്ലാതെ ആര് സ്വർഗ്ഗമുണ്ടാക്കും. പറയുന്നു ദ്വാരക താഴേക്ക് പോയി. ഇപ്പോൾ എങ്ങനെ മുകളിലേക്ക് വരും. ആമയും മത്സ്യവും കൊണ്ടുവരുമോ? ഇത് ഡ്രാമയുടെ ചക്രമാണ്. ഇതിനെ മനസ്സിലാക്കണം. സത്യ–ത്രേതായുഗം മുകളിലായിരിക്കുമ്പോൾ ദ്വാപര കലിയുഗം താഴേക്ക് പോകും. കണ്ണാടി പൂർണ്ണവലുപ്പത്തിൽ ഉണ്ടാക്കുന്നതുപോലെ സൃഷ്ടിചക്രത്തിന്റെ ചിത്രം അത്ര വലുതാക്കി ഉണ്ടാക്കണം. കുരങ്ങനൊന്നും ആയി പോകുന്നില്ലല്ലോ! എന്ന് തന്റെ മുഖം കണ്ണാടിയിൽ നോക്കി കൊണ്ടിരിക്കൂ എന്ന് ബാബ പറയുന്നു. വികാരമുള്ളവർ കുരങ്ങിനേക്കാൾ തരംതാണതാണ്. ദേവതകൾ ക്ഷേത്രത്തിലിരിക്കാൻ യോഗ്യരാണ്. വാസ്തവത്തിൽ സന്ന്യാസിമാർക്കുവേണ്ടി ഒരിക്കലും ക്ഷേത്രങ്ങൾ പണിയാറില്ല. ക്ഷേത്രങ്ങൾ ദേവതകളുടെ മാത്രമാണുള്ളത്. കാരണം അവരുടെ ആത്മാവും ശരീരവും രണ്ടും പവിത്രമാണ്. ഇവിടെ പവിത്ര ശരീരം ലഭിക്കില്ല. മനുഷ്യർ എത്ര യജ്ഞങ്ങളാണ് രചിക്കുന്നത്. കഥകളാണ് കേട്ടുകൊണ്ടിരിക്കുന്നത് ബാബ ഒരേഒരു പരിധിയില്ലാത്ത യജ്ഞം രചിക്കുന്നു അതിനെ രുദ്ര യജ്ഞമെന്ന് പറയുന്നു. ഈ യജ്ഞത്തിലൂടെയാണ് വിനാശജ്വാല പ്രജ്വലിതമായത്. ബാക്കി എല്ലാ യജ്ഞങ്ങളും ഇല്ലാതാകും. രുദ്ര ജ്ഞാന യജ്ഞം പ്രശസ്തമാണ്. ശിവജ്ഞാനയജ്ഞം പ്രശസ്തമല്ല. രുദ്രന്റെയും സാളിഗ്രാമങ്ങളുടെയും പൂജ ചെയ്യുന്നു. എത്ര സാളിഗ്രാമങ്ങളാണ് ഉണ്ടാക്കുന്നത്. ശിവനായി ഒന്നുമാത്രം ഉണ്ടാക്കുന്നു. പ്രജകൾ അനേകമുണ്ടാകും. അത്ര സാളിഗ്രാമങ്ങൾ ഉണ്ടാക്കുവാൻ സാധിക്കില്ല. ശിവബാബയുടെയും നിങ്ങൾ കുട്ടികളുടേയും പൂജ നടക്കുന്നു. കാരണം നിങ്ങൾ മുഴുവൻ ലോകത്തേയും മുക്തമാക്കുന്നു. നിങ്ങൾ ശിവശക്തികളാണ് – മുക്തി കൊടുക്കുന്ന ആർമിയാണ്. സ്വയം തന്നെ സർവ്വോദയാ ലീഡർ എന്ന് വിളിക്കുന്ന വളരെപേർ ഉണ്ട്. ഇപ്പോൾ മുഴുവൻ ലോകത്തിന്റെമേൽ ആർക്കും ദയ കാണിക്കാൻ സാധിക്കില്ല. സർവ്വരുടെമേൽ ദയ കാണിക്കുന്ന ദയാഹൃദയനെന്ന് ശിവബാബയെ ആണ് പറയുന്നത്. മനുഷ്യർ വലിയ വലിയ പേരൊക്കെ വെയ്പ്പിക്കാറുണ്ട്. സർവ്വരുടെ മേൽ ദയ അഥവാ കൃപ കാണിക്കുക അതായത് സുഖധാമത്തിലേക്ക് കൊണ്ടുപോകുക എന്നത് ഒരേയൊരു പരമാത്മാവിന്റെ കാര്യമാണ്. സർവ്വരുടെയും ഗതി സദ്ഗതി ദാതാവ് ഒരേയൊരു ശിവബാബയാണ്. മനുഷ്യർക്ക് ആരുടെയും സദ്ഗതി ചെയ്യാൻ സാധിക്കില്ല. ഒരാളുടെ പോലും ചെയ്യാൻ സാധിക്കില്ല അസാധ്യമാണ്. നിങ്ങൾ എല്ലാവരും ശാസ്ത്രങ്ങളെ അംഗീകരിക്കാത്തവരാണോ, അവ മുന്നിലുണ്ട്, കണ്ണുകൾകൊണ്ട് കാണുന്നു പിന്നെ അംഗീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് നിങ്ങളോട് ചോദിക്കുന്നു. എന്നാൽ ഞങ്ങളിപ്പോൾ ശ്രീമതമനുസരിച്ച് നടക്കുന്നു. ശ്രീമതത്തിലൂടെ ശ്രേഷ്ഠരാകും. ഭഗവാന്റേതാണ് ശ്രീമതം, കൃഷ്ണന്റെ മതമനുസരിച്ചല്ല നടക്കുന്നത്. കൃഷ്ണന്റെ ആത്മാവും കഴിഞ്ഞ ജന്മത്തിൽ ശ്രീമതത്തിലൂടെ ഇങ്ങനെ ശ്രേഷ്ഠനായ ദേവതയായി മാറിയിരുന്നു, തതത്വം. അവരുടെ രാജധാനിയും ഉണ്ടായിരിക്കുമല്ലോ. കൃഷ്ണൻ തനിച്ചിരുന്ന് എന്ത് ചെയ്യും!. ബാബയ്ക്കല്ലാതെ മറ്റാർക്കും മുള്ളുകളിൽനിന്ന് പൂക്കളാക്കാൻ സാധിക്കില്ല. ബാബ വന്നുവെങ്കിൽ തീർച്ചയായും സ്വർഗ്ഗം രചിക്കില്ലേ. അല്ലെങ്കിൽ പിന്നെ അവതാരം എടുക്കേണ്ട ആവശ്യമെന്തായിരുന്നു. തീർച്ചയായും ഭാരതത്തിനെയാണ് സ്വർഗ്ഗമാക്കിയിരുന്നത്. ഇപ്പോൾ വീണ്ടും സ്വർഗ്ഗമാക്കുകയാണ്. അവിടെ ക്ഷേത്രങ്ങളൊന്നും ഉണ്ടാകില്ല. ബാബ ഭാരതത്തിൽ വന്നിരിക്കുകയാണ് ഭാരതത്തെ സ്വർഗ്ഗമാക്കുവാൻ എന്ന് നിങ്ങൾക്കറിയാം. എല്ലാവർക്കും മായയുടെ കൊടുങ്കാറ്റ് വരുമെന്ന് ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്. ബാബയോട് വന്ന് ചോദിക്കൂ. ജ്ഞാന യോഗത്തിന്റെയും അനുഭവം ചോദിക്കൂ. സങ്കൽപ്പം വികല്പമാകുന്നതിന്റെ അനുഭവവും ചോദിക്കൂ. ബാബ എല്ലാവരേക്കാളും മുന്നിലാണ്. അതുകൊണ്ട് തീർച്ചയായും ഈ കൊടുങ്കാറ്റുകളെ മറികടക്കുന്നുണ്ട്. നമ്മൾ ബാബയെ ഓർമ്മിക്കുന്നു. എന്നാൽ മായ നിസ്സാരനല്ല. എത്രത്തോളം ശക്തിശാലിയാണോ അത്രത്തോളം

മായ ശക്തമായി നേരിടും. ഭയപ്പെടരുത്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബയ്ക്ക് മുഴുവൻ കണക്കും നല്കി, ട്രസ്റ്റിയായി സർവ്വ വ്യാകുലതകളിൽ നിന്നും മുക്തമാകണം ബാബയുടെ ആജ്ഞ അനുസരിച്ച് പരിപൂർണ്ണമായി നടന്ന് സഹായത്തിന് പാത്രമാകണം.

2) മനുഷ്യരുടെ മുങ്ങിപ്പോയ തോണിയെ രക്ഷിക്കുന്ന ആർമിയായി അക്കരെയെത്തിക്കണം. ബാബയുടെ സഹായിയായി പൂജയ്ക്ക് യോഗ്യതയുള്ളവരാകണം.

## വരദാനം:- ഓരോ നിമിഷത്തെയും, ഓരോ ഖജനാവിനെയും സഫലമാക്കി സഫലതയുടെ സന്തോഷം അനുഭവിക്കുന്ന സഫലതാമൂർത്തിയായി ഭവിക്കൂ

സഫലതാമൂർത്തിയാകുന്നതിനുള്ള വിശേഷ സാധനയാണ് - ഓരോ നിമിഷത്തെയും, ഓരോ ശ്വാസത്തെയും, ഓരോ ഖജനാവിനെയും സഫലമാക്കുക. അഥവാ സങ്കൽപം, വാക്ക്, കർമ്മം, സംബന്ധ-സമ്പർക്കത്തിൽ സർവ്വ പ്രകാരത്തിലുമുള്ള സഫലതയുടെ അനുഭവം ചെയ്യാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ സഫലമാക്കിക്കൊണ്ട് പോകൂ, വ്യർത്ഥമായി പോകരുത്. സ്വയത്തെ പ്രതിയാകട്ടെ സഫലമാക്കൂ, മറ്റ് ആത്മാക്കളെ പ്രതിയാകട്ടെ സഫലമാക്കൂ അപ്പോൾ സ്വാഭാവികമായും സഫലതയുടെ സന്തോഷം അനുഭവം ചെയ്തുകൊണ്ടിരിക്കും എന്തുകൊണ്ടെന്നാൽ സഫലമാക്കുക അർത്ഥം വർത്തമാന സമയം സഫലമാക്കുക ഒപ്പം ഭാവിയിലേക്ക് വേണ്ടി ശേഖരിക്കുക.

## സ്ലോഗൻ:- എപ്പോൾ സങ്കൽപത്തിൽ പോലും ഒരാകർഷണവും ആകർഷിക്കുന്നില്ലയോ അപ്പോൾ പറയും സമ്പൂർണ്ണതയുടെ സമീപത.